സി 4 – 31211/15

കളക്ടറേറ്റ്, എറണാകുളം
തീയതി : 15/11/17

**കിൻഫ്രയ്ക്കുവേണ്ടി കിണർ, പമ്പ് ഹൗസ് നിർമ്മാണവുമായി ബന്ധപ്പെട്ട പൊന്നും വില നടപടിയുടെ ഭാഗമായുള്ള സാമൂഹ്യ പ്രത്യാഘാത പഠനയൂണിറ്റായ രാജഗിരി ഔട്ട് റീച്ച് സമർപ്പിച്ച SIA റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിദഗ്ധ സമിതി ചെയർമാന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് under section 7 of Act**

---

കിൻഫ്രയ്ക്കുവേണ്ടി കിണർ, പമ്പ് ഹൗസ് എന്നിവ നിർമ്മിക്കുന്നതിന് ആലുവ താലൂക്ക്, കീഴ് മാട് വില്ലേജ് ബ്ലോക്ക് 33, സർവ്വെ 48/11 ൽ പ്പെട്ട 0.1950 ഹെക്ടർ സ്ഥലം RFCT LARR Act 2013 പ്രകാരം നടപടി സ്വീകരിക്കുന്നതിനായി 01/06/2015 ൽ റിക്വിസിഷനും അനുബന്ധരേഖകളും സമർപ്പിച്ചിട്ടുള്ളതാണ്. എറണാകുളം ജില്ലാ കളക്ടറുടെ 11/06/12 ലെ സി4-31211/15 നമ്പർ നടപടി ക്രമം പ്രകാരം സ്പെഷ്യൽ തഹസിൽദാർ (എൽ എ), എൻ എച്ച് നമ്പർ 2 ആലുവയെ ലാൻഡ് അക്വസിഷൻ ഓഫീസറായി നിയമിച്ചിട്ടുള്ളതാണ്. ഇതിനുശേഷം എൽ എ ആർ ആർ ആക്ട് 2013 പ്രകാരമുള്ള സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനായി രാജഗിരി ഔട്ട് റീച്ചിനെ തിരഞ്ഞെടുത്തിട്ടുള്ളതും സ്ഥലപരിശോധന നടത്തി 1,25,000/- (ഒരു ലക്ഷത്തി ഇരുപത്തിയയ്യായിരം ) രൂപ ചിലവ് കണക്കാക്കി 20/12/2016 തീയതി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുള്ളതും ആയത് 22/12/2016-ാം തീയതി ജില്ലാ കളക്ടർ അംഗീകരിച്ചിട്ടുള്ളതുമാണ്.

എൽ എ ആർ ആർ ആക്ട് ചട്ടം 2(3) പ്രകാരമുള്ള 4(1) നോട്ടിഫിക്കേഷൻ തയ്യാറാക്കി ആയത് 10/03/2017 തീയതി ജില്ലാ കളക്ടർ അംഗീകരിച്ചിട്ടുള്ളതാണ്. രണ്ടു മാസത്തിനുള്ളിലും ആറുമാസത്തിൽ കവിയാതെയും SIA സ്റ്റഡി നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ പ്രസ്തുത നോട്ടിഫിക്കേഷനിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. കൂടാതെ സെക്ഷൻ 4(2) പ്രകാരമുള്ള സ്ഥലത്തും, ഗസറ്റിലും, ഔദ്യോഗിക വെബ്സൈറ്റിലും പ്രസ്തുത നോട്ടിഫിക്കേഷൻ പ്രസിദ്ധികരിച്ചിട്ടുള്ളതാണ്. ഫീൽഡ് പരിശോധന നടത്തി SIA റിപ്പോർട്ട് തയ്യാറാക്കി ഡ്രാഫ്റ്റ് റിപ്പോർട്ട്, ഫൈനൽ റിപ്പോർട്ട് എന്നിവ യഥാക്രമം 03/09/17, 04/10/17 തീയതികളിൽ രാജഗിരി ഔട്ട് റീച്ച് സമർപ്പിച്ചിട്ടുള്ളതാണ്.

SIA യൂണിറ്റായ രാജഗിരി ഔട്ട് റീച്ച് സമർപ്പിച്ച സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് പ്രകാരം, കാക്കനാട് പ്രദേശത്തെ വർദ്ധിച്ച വരുന്ന വ്യവസായികവും അനുബന്ധവുമായ ഉപയോഗത്തിനായി ശുദ്ധജലം ലഭ്യമാക്കുവാൻ വേണ്ടിയാണ് നിർദ്ദിഷ്ട പദ്ധതി വിഭാവനം ചെയ്തിട്ടുള്ളതെന്നും ഈ പ്രോജക്ട് ഒരു പൊതു ആവശ്യത്തിനുള്ള തായതിനാലും, പ്രോജക്ട് നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രയോജനങ്ങൾ വളരെ വലുതാണെന്നുള്ള നിഗമനത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രോജക്ടുമായി ബന്ധപ്പെട്ട നടപടികൾക്ക് ആവശ്യമായ അംഗീകാരം നൽകാവുന്നതാണ്.

ഇതു സംബന്ധിച്ച് 09/11/2017 തീയതി വൈകീട്ട് 3.00 മണിക്ക് വിദഗ്ദ്ധ സമിതി ചെയർമാന്റെ നേതൃത്വത്തിൽ നടത്തിയ Expert Committee meeting ൽ മേൽപ്പറഞ്ഞ വസ്തുതകൾ വിശദമായി ചർച്ച ചെയ്തിട്ടുള്ളതും, പ്രസ്തുത പ്രോജക്ട് അംഗീകരിക്കുന്നതിന് ഐക്യകണ്ഠേന യോഗത്തിൽ തീരുമാനിക്കുകയും, ടി തീരുമാനം കമ്മറ്റിയിൽ പങ്കെടുത്ത എല്ലാവരും അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. മേൽപ്പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ ടി നടപടികൾക്ക് സാധൂകരണം ലഭിക്കുന്നതിനായി ജില്ലാ കളക്ടർ മുമ്പാകെ ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

വിദഗ്ദ്ധ സമിതി ചെയർമാൻ & ഡെപ്യൂട്ടി കളക്ടർ (എൽ എ)
കളക്ടറേറ്റ്, എറണാകുളം

ടി7